# കത്തുകൾ

## അല്പം വിനയമായിക്കൂടേ?

കലാകൗമുദി 259-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച രാജകൃഷ്ണന്റെ ഉത്തരാവലിയിലെ ഒരു പരാമർശം നിർഭാഗ്യകരമായിത്തോന്നി. മലയാളസാഹിത്യത്തിൽ അഭ്യർഹിതമായ ഒരു സ്ഥാനമുണ്ടെന്ന് ഒട്ടേറെ നിർമ്മത്സരബുദ്ധികൾ കരുതുന്ന ഡോക്ടർ ഭാസ്കരൻ നായരെ, പ്രതിഭാശാലിയും പണ്ഡിതനുമായ ഈ യുവനിരൂപകൻ ''അറുപഴഞ്ച''നെന്നു വിളിച്ച് നിസ്സാരമായി ''എഴുതിത്തള്ളി''യിരിക്കുന്നതു കണ്ടപ്പോൾ രോഷത്തേക്കാളേറെ ഖേദമാണ് അനുഭവപ്പെട്ടത്. ഏതർത്ഥത്തിലാണ് ഭാസ്കരൻ നായർ ''അറുപഴഞ്ച''നായതെന്ന് രാജകൃഷ്ണൻ പൂർണ്ണമായും വ്യക്തമാക്കുന്നില്ല. ''ആധുനികത''യെ വിമർശിക്കുന്നതുകൊണ്ട്—ഖണ്ഡനപരമായി വിമർശിക്കുന്നതുകൊണ്ട്—മാത്രമാണോ? ആണെങ്കിൽ, അപ്രകാരം ചെയ്യുന്നവരൊക്കെ അതുകൊണ്ടുതന്നെ ''അറുപഴഞ്ച''ന്മാരാകുമോ? അതോ, ഭാസ്കരൻ നായരുടെ പൊതുവിലുള്ള, സാഹിത്യ സംബന്ധിയായ പരിപ്രേക്ഷ്യമാണോ അറുപഴഞ്ചൻ? അതോ, അദ്ദേഹം ധരിക്കുന്ന ആധുനികപൂർവ്വമായ മല്മൽമുണ്ടും പുളിയിലക്കരയൻ നേരിയതുമോ?

രാജകൃഷ്ണനെപ്പോലെ സൂക്ഷ്മദർശിയായ ഒരു നിരൂപകൻ മൗലികമായ ഒരു വസ്തുത അംഗീകരിച്ചു കാണാത്തതിൽ അദ്ഭുതം തോന്നി. അദ്ദേഹത്തിന് ''ആധുനികത''യെ നിരുപാധികം അംഗീകരിക്കുവാനും വാഴ്ത്തുവാനും സ്വാതന്ത്ര്യമുള്ളതുപോലെതന്നെ, ആ പ്രതിഭാസത്തെ (അഥവാ പ്രവണതയെ) വിഗർഹിക്കുവാൻ ഭാസ്കരൻ നായർക്കും സ്വാതന്ത്ര്യമുണ്ട്. (ഇതേ ലക്കം കലാകൗമുദിയിൽ ആധുനികോത്തരന്മാരായ നാലു സാഹിത്യാചാര്യന്മാർ ചേർന്ന് ''സ്വാതന്ത്ര്യം തന്നെയാണ് പ്രശ്നം'' എന്ന ശീർഷകത്തിലെഴുതിയ കത്തു ശ്രദ്ധിക്കുക.) ഭാസ്കരൻ നായർക്കു മാത്രമല്ല, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പങ്കിടുന്ന മറ്റു സഹസ്രക്കണക്കിനു സാമാന്യജനങ്ങൾക്കും ആ സ്വാതന്ത്ര്യമുണ്ട്. ''ഭിന്നരുചിർഹി ലോകഃ'' എന്നു ചൂണ്ടിക്കാണിച്ച മഹാകവി ''അറുപഴഞ്ച''നാകാമെങ്കിലും അദ്ദേഹം പറഞ്ഞതു നേരാണെന്നു സമ്മതിച്ചേ തീരൂ.

ഇനിയും ഒരു സംശയം, എന്താണ് ഈ ''അറുപഴഞ്ച''ത്തത്തിന്റെ മാനദണ്ഡം എന്നതാണ്. ആധുനികോത്തരന്മാർക്കു മുമ്പുണ്ടായതൊക്കെ അറുപഴഞ്ചനാണോ? അയ്യപ്പപ്പണിക്കരും കടമ്മനിട്ടയും സച്ചിദാനന്ദനും ആധുനികോത്തരകവിതയെഴുതുന്നതുകൊണ്ട് ആധുനികപൂർവ്വരായ സുഗതകുമാരിയും ഭാസ്കരനും കൃഷ്ണവാരിയരുമൊക്കെ അറുപഴഞ്ചന്മാരാകുമോ? രാജകൃഷ്ണനും ''ആധുനികത''യുടെ മറ്റു പ്രവാചകന്മാരും സാഹിത്യ നിരൂപണം നടത്തുന്നതുകൊണ്ട് ഗുപ്തൻ നായരും ലീലാവതിയും സുകുമാർ അഴീക്കോടും (പാവം ഭാസ്കരൻ നായരെ വിടുക) അറുപഴഞ്ചന്മാരുടെ തൊപ്പി ധരിക്കേണ്ടിവരുമോ? രാജകൃഷ്ണൻ തീർച്ചയായും പഠിച്ചിട്ടുള്ള ടി. എസ്. എല്യറ്റിന്റെ ''Tradition and the Individual Talent'' എന്ന പ്രസിദ്ധമായ പ്രബന്ധത്തിൽ, സാഹിത്യത്തിൽ പാരമ്പര്യത്തിനുള്ള സാംഗത്യത്തെക്കുറിച്ച് മഹാനായ ആ ആചാര്യൻ പറഞ്ഞുവച്ചതു് ഒന്ന് അനുസ്മരിക്കുവാൻ അല്പജ്ഞനായ ഞാൻ സവിനയം അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നു.

മലയാള സാഹിത്യത്തിന് ഭാസ്കരൻ നായർ നൽകിയിട്ടുള്ള അമൂല്യങ്ങളായ—ബോധപൂർവ്വം തന്നെ ഈ വിശേഷണം ഉപയോഗിക്കട്ടെ—സംഭാവനകളെക്കുറിച്ച് രാജകൃഷ്ണൻ അജ്ഞനാണെന്നു ഞാൻ കരുതുന്നില്ല. അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ വായിച്ചിട്ടുള്ള ഒരൊറ്റ സഹൃദയനും അവയിൽ പ്രതിഫലിക്കുന്ന ഉദാത്തമായ മാനവികതയെ, ഉജ്ജ്വലമായ മേധാശക്തിയെ, സഹതാപാർദ്രമായ ജീവിതവീക്ഷണത്തെ, ശാസ്ത്രവും ദാർശനികതയും തമ്മിലുള്ള ഹൃദ്യമായ സാമരസ്യത്തെ അഭിനന്ദിക്കാതിരിക്കുക സാദ്ധ്യമല്ല. രാജകൃഷ്ണന് അറുപഴഞ്ചനെന്നു തോന്നിയേക്കാമെങ്കിലും ഭാരതീയ സംസ്കാരത്തോടുള്ള ഭാസ്കരൻ നായരുടെ നിരതിശയമായ ആദരവും ആഭിമുഖ്യവും ''ആധുനികത''യുടെ വന്ധ്യമായ മുഖരതയ്ക്കിടയിൽ ശാന്തഗംഭീരമായ ഒരു ശംഖധ്വനിപോലെ തോന്നിയിട്ടുള്ള നിരവധി സാധാരണ വായനക്കാരുണ്ട്. സർവ്വോപരി, ഇളനീരിന്റെ മാധുര്യവും തുളസിപ്പൂവിന്റെ സൗരഭവും നിറഞ്ഞു നിൽക്കുന്ന ആ നിരുപമമായ ഗദ്യശൈലിയിൽ ആസ്വാദ്യത കണ്ടെത്തുന്ന ഈ ലേഖകനെപ്പോലെ അസംഖ്യം അറുപഴഞ്ചന്മാരുണ്ട്. മലയാളഭാഷയുടെ തനിമയും സൗന്ദര്യവും എന്റെ തലമുറ ആദ്യമായി മനസ്സിലാക്കിയതു്, പമ്പാസരസ്സിലെ പുണ്യതീർത്ഥംപോലെ നിർമ്മലമായ ആ ഗദ്യശൈലിയിൽ നിന്നാണ്.

രാജകൃഷ്ണനോട് ഒരു വാക്ക്: പൂർവ്വാചാര്യന്മാരെക്കുറിച്ചു പരാമർശിക്കുമ്പോൾ അല്പംകൂടി വിനീതിയായിക്കൂടേ? അതോ മറ്റു പലതിനെയും പോലെ പരപുച്ഛവും ''ആധുനികത''യുടെ ''മുഖമുദ്ര''കളിലൊന്നാണോ? പ്രൊഫസർ ഗുപ്തൻ നായരെ, ഹഡ്സന്റെ സാഹിത്യനിരൂപണ ഗ്രന്ഥവുമായുള്ള പരിചയവും കവിതകൾ ഈണത്തിൽ നീട്ടിപ്പാടാനുള്ള കഴിവുംമാത്രം കൈമുതലായുള്ള ഒരു പഴഞ്ചൻ പ്രൊഫസർ എന്ന് ഒരു ആധുനികോത്തര നിരൂപകൻ ഈയിടെ പരിഹസിച്ചിരിക്കുന്നതു കണ്ടു. കലാകൗമുദിയിലെ ഇതേ പംക്തിയിൽത്തന്നെ മറ്റൊരു ആധുനികോത്തരന്റെ വകയായി പ്രൊഫസർ എം. കൃഷ്ണൻ നായരെപ്പറ്റി നിന്ദാഗർഭങ്ങളായ ചില പ്രസ്താവങ്ങളും വായിച്ചു. വിമർശനരംഗത്ത് അഭിപ്രായഭിന്നതകൾ അനിവാര്യമാണ്. പക്ഷേ, അവയ്ക്കു പിറകിൽ പ്രജ്ഞാപരമായ സത്യസന്ധതയാവണം ഉണ്ടായിരിക്കുക—അവലേപവും വ്യക്തിഗതമായ അവജ്ഞയുമല്ല. ഔദ്ധത്യപ്രകടനം എന്ന ഫാഷന്, രാജകൃഷ്ണനെപ്പോലെ ധിഷണാസമ്പന്നനായ ഒരു നിരൂപകൻപോലും അടിപ്പെട്ടു കണ്ടതുകൊണ്ട് ഖേദപൂർവ്വം ഇത്രയും എഴുതിയെന്ന മാത്രം. ''പ്രതിബധ്നാതി ഹി ശ്രേയഃ പൂജ്യപൂജാവ്യതിക്രമഃ'' എന്ന് ഉപദേശിച്ച ആ അറുപഴഞ്ചൻ കാളിദാസ മഹാകവിയെ നമുക്കു വല്ലപ്പോഴുമെങ്കിലും സ്മരിക്കാം, 'ഒരു പെയ്ഞ്ചി'നു വേണ്ടിയെങ്കിലും!

മറ്റൊരു അറുപഴഞ്ചൻ,
സി. പി. നായർ
ഐ. എം. എസ്.
തിരുവനന്തപുരം.

## കേരള കലാമണ്ഡലം സുവർണ്ണജൂബിലി

അമ്പതുകൊല്ലം മുമ്പ് നമ്മുടെ ദേശീയ കവിയായ വള്ളത്തോൾ സ്ഥാപിച്ച കേരള കലാമണ്ഡലത്തിന്റെ സുവർണ്ണജൂബിലി ഈ നവംബർ മാസത്തിൽ ആഘോഷിക്കുകയാണ്. കലാമണ്ഡലത്തിന്റെ സർവ്വതോമുഖമായ വികാസത്തിന്റെ നിർണ്ണായകഘട്ടമാണിത്. ഇരുപത്തഞ്ചുകൊല്ലം മുൻപ് അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് രജതജൂബിലി ഉദ്ഘാടനം ചെയ്തത്. സുവർണ്ണജൂബിലി ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി സമ്മതിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. കഥകളിയിലൂടെയും കൂടിയാട്ടത്തിലൂടെയും അറിയപ്പെടുന്ന കലാകേരളത്തിന്റെ പ്രതീകമായ കലാമണ്ഡലം ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുവേണ്ടി സി. അച്യുതമേനോൻ അദ്ധ്യക്ഷനായി ഒരു ജൂബിലി ആഘോഷക്കമ്മിറ്റി രൂപവൽക്കരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിക്കു പുറമേ, കേരളത്തിലെയും ഇന്ത്യയിലെയും പ്രമുഖരായ നേതാക്കന്മാരും സാഹിത്യ-കലാകാരന്മാരും പങ്കെടുക്കുന്ന സമ്മേളനങ്ങളും സെമിനാറുകളും ഉണ്ടായിരിക്കും. ദാക്ഷിണാത്യദൃശ്യകലാരൂപങ്ങളായ കഥകളി, ഭരതനാട്യം, കുച്ചിപ്പുഡി, യക്ഷഗാനം, കൂടിയാട്ടം, മോഹിനിയാട്ടം, തുള്ളൽ എന്നിവയിൽ മികച്ച പ്രദർശനങ്ങളും, പേരുകേട്ട ഗായകരുടെ സംഗീതക്കച്ചേരികളും, പഞ്ചവാദ്യം തുടങ്ങിയ വാദ്യകേളികളും ഈ ദിവസങ്ങളിൽ ഉണ്ടാവുന്നതാണ്.

കലാപ്രസ്ഥാനമായി ആരം



Digitized by Kerala Sahitya Akademi